ജലനിധി :

ചെറുവണ്ണൂർ പഞ്ചായത്തിൽ ഇനി ഒന്നും പൂർത്തിയാക്കാനില്ല. പുതിയതായി നടപ്പാക്കാനും ഒന്നും അവശേഷിക്കുന്നില്ല. കീഴരിയൂർ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പദ്ധതികളെല്ലാം പൂർത്തീകരിച്ചു വരികയാണ്. കൂടാതെ പേരാമ്പ്രയിലുൾപ്പെടുന്ന ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മൂന്നാം ബാച്ചിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ തട്ടുപാറ, പുത്തുരുത്തി തടയണകളുടെ നിർമ്മാണം

207 (896) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ, പരിയാരം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചാലക്കുടിപ്പുഴയിൽ നിർമ്മിക്കുന്ന തട്ടുപാറ തടയണയുടെ നിർമ്മാണം പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽപ്പെട്ട പുത്തുരുത്തി തടയണയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. പി. കെ. മോഹനൻ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തീകരിക്കുവാൻ തയ്യാറാകാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവർത്തിയുടെ കരാർ ഉടമ്പടി റദ്ദ് ചെയ്തു. ടി പ്രവൃത്തിയുടെ ശേഷിക്കുന്ന പ്രവർത്തികളുടെ 108 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തൃശ്ശൂർ മധ്യമേഖല ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ കൽച്ചിറകളുടെ നിർമ്മാണം

208 (897) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും കടലും കായലും വലയം ചെയ്തിരിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകളിൽ കാലഭേദമില്ലാതെ കരയിലേക്ക് വെള്ളം കയറുന്നത് തടയുവാൻ കൽച്ചിറകൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly